# e-ചിപ്പ്

## ഡിജിറ്റൽ മാഗസിൻ



**ജി. എച്ച് .എസ് തോപ്രാൻകുടി.**



സൂസൻ സാമുവൽ
(ഹെഡ്മിസ്ട്രസ്സ്)

രാജ്യത്തിന് മാതൃകയായി സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈ-ടെക് ആകുമ്പോൾ ഹൈ-ടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിന് വിദ്യാർത്ഥികളുടെ സാങ്കേതിക വിജ്ഞാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത് സാക്ഷാത്കരിക്കാൻ വിദ്യാലയത്തിൽ തന്നെ കുട്ടികളെ സജ്ജരാക്കാൻ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഈ സ്കൂളിൽ വലിയ മാറ്റങ്ങൾ വരുത്തി.അവരുടെ സംഭാവനയായി e-ചിപ്പ് എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. രാജ്യത്തെ ഏറ്റവും വലിയ സ്റ്റുഡന്റ് ഐ.ടി നെറ്റ് വർക്കായി ലിറ്റിൽ കൈറ്റ്സ് മാറിയിരിക്കുന്നു. അനിമേഷൻ ,സൈബർ സേഫ്റ്റി ,മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ ആൻഡ് ഇലക്ട്രോണിക്സ് എന്നീ പ്രധാനപ്പെട്ട മേഖലകളിൽതീവ്ര പരിശീലനം നൽകുന്ന കൈറ്റ്സ് മിസ്ട്രസ്സ് മാരെയും അഭിനന്ദിക്കുന്നു.ഇനിയും കുട്ടികൾ സാങ്കേതിക വിദ്യയുടെ ഉയരങ്ങൾ കീഴടക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.



**അശ്വതി അശോകൻ**

**(കൈറ്റ് മിസ്ട്രസ്സ് )**

**അറിവിന്റെ വാതായനങ്ങൾ തുറക്കുന്നത് വിദ്യാലയങ്ങളിലൂടെയാണ്.ഐ.ടി മേഖലയിലുണ്ടായ കുതിച്ച് ചാട്ടം ലോകത്തെ തന്നെ മാറ്റി മറിച്ചിരിക്കുന്നു. ഈ കാല ഘട്ടത്തിൽ ഐ.ടി മേഖലയിലെ വളർച്ച കുട്ടികളിലേക്ക് എത്തിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ജി. എച്ച് .എസ് തോപ്രാൻകുടിയിലെ ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ ഡിജിറ്റൽ മാഗസിനാണ് e-ചിപ്പ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുകയും മറ്റ് കുട്ടികൾക്ക് ഇതൊരു പ്രചോദനമാകട്ടെ എന്ന്ആശംസിക്കുകയും ചെയ്യുന്നു.**

## എഡിറ്റോറിയൽ ബോർഡ്



സൗമ്യ പി എസ്

കൈറ്റ് മിസ്ട്രസ്സ്



അശ്വതി അശോകൻ

കൈറ്റ് മിസ്ട്രസ്സ്

രേഷ്മ മനോജ് ( എഡിറ്റർ)





ആൽബിൻ സിജി

(സബ് എഡിറ്റർ)



അനന്യ ഷാജി(സബ് എഡിറ്റർ)

# WORLD CUP



രേഷ്മ മനോജ്
ക്ലാസ് 9

ഒരിടത്ത് ഫുഡ്ബോളിനെ വളരെയധികം സ്നേഹിച്ചിരുന്ന ഒരു ബാലൻ ജീവിച്ചിരുന്നു. അവന്റെ പേര് അസ്മിത്ത് എന്നായിരുന്നു. ഫുഡ്ബോളായിരുന്നു അവന്റെ ജീവിതം. അതായിരുന്നു അവന്റെ ലോകം. അവന്റെ അച്ഛന് ഫുഡ്ബോൾ ഇഷ്ടമില്ലായിരുന്നു. മകൻ തെരുവിലെ കുട്ടികളുമായി ഫുഡ്ബോൾ കളിക്കുന്നതിനെ ഇദ്ദേഹം എതിർത്തിരുന്നു. പക്ഷേ, അസ്മിത്തിന്റെ ആഗ്രഹം നല്ല ഫുഡ്ബോളറായി ഇന്ത്യക്ക് വേണ്ടി കളിക്കണം എന്നായിരുന്നു. ഒരു ദിവസം അസ്മിത്ത് അച്ഛന്റെ എതിർപ്പിനെ ലംഘിച്ച് തെരുവിലെ കുട്ടികളുമായി ഫുഡ്ബോൾ കളിക്കുവാൻ പോയി. കളിച്ചുകൊണ്ടിരുന്ന സമയത്ത് അപ്രതീക്ഷിതമായി അവന്റെ പിതാവ് കടന്നു വന്നു. എന്തു ചെയ്യണമെന്ന് അറിയാതെ അവൻ തലതാഴ്ത്തി നിന്നു. തന്റെ വാക്കിന് യാതൊരു വിലയും തരാത്ത മകനെ കോപം തീരുന്നത് വരെ തല്ലി. ദേഷ്യം സഹിക്കാനാവാതെ തിരിഞ്ഞത് ഒരു വാഹനത്തിന്റെ മുന്നിലേക്കാണ്. അതു കണ്ട അസ്മിത്ത് അച്ഛനെ തള്ളിമാറ്റിയപ്പോൾ കാലിടറി അവൻ വാഹനത്തിന്റെ മുന്നിലേക്ക് വീണു.

പെട്ടന്ന് എല്ലാവരും നിശ്ചലരായി നിന്നു പോയി. അവനെ ആശു പത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ദിവസങ്ങൾക്ക് ശേഷം വീടിന് മുന്നിൽ ഇരിക്കുകയായിരുന്നു അയാൾ. അപ്പോൾ ഒരു ചെറിയകുട്ടി പന്ത് കൊണ്ട് കളിക്കുന്നത് കണ്ടു. മകനെയോർത്ത് ആ പിതാവ് വിതുമ്പി. തന്റെ മകന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അയാൾക്ക് തോന്നി. നീണ്ട ആലോചനക്ക് ശേഷം അയാൾ ഒരു തീരു മാനത്തിലെത്തി. ഒരു കോച്ചിങ് സെന്റർ തുടങ്ങുക. അതിലൂടെ മകന്റെ ഓർമകൾ നിലനിർത്തണമെന്ന് അയാൾ തീരുമാനിച്ചു. മകന്റെ ഓർമകൾക്ക് മു ന്നിൽ അയാളുടെ കണ്ണിൽ നിന്ന് കണ്ണുനീർത്തുള്ളി വീണു.

## ***MY MOTHER***

***My dear mammy ....***
***My sweet mammy....***
***My friend you ....***
***I love you too ...***

***My beautiful and;***
***Cute mammy..***
***I love you...***
***I love you too...***

***You are my ,***
***best teacher and ;***
***best mother...***
***I love you too...***



***THEERTHA JAIMON***
***STD.VIII A***

# ***FRIENDSHIP***



***VEDHIKA PRIYAN.***

***VIII.A***

*Oh, what joy it is !*
*To have a friend like you;*
*For giving me strength...*
*That way you do...*

*For lifting me up;*
*When I’m feeling down,*
*And putting a smile on my face..*
*When I’m wearing a hown...*

*Thanks for being there*
*And, helping me grow..*
*Your friendship means a lot,*
*This I’d like you to know.*

# മിഴികൾ

മിഴികൾ തമ്മിൽ മൊഴിയും
മിഴികളിൽ ഒരായിരം കനവുകൾ
കനവുകൾ സ്വപ്നം കാണും പെണ്ണിവൾ
കനവുകൾ നിറയും ജീവിതം
മൊഴികളിൽ മിണ്ടാൻ മൗനമായി
നിന്റെ മൗനത്തിൽ ഞാൻ സംഗീതമായ് പാടാം...
മിഴികൾ ഒന്ന് ഇടറിയാൽ
തകരും എന്റെ നെഞ്ചകം
ജീവന്റെ ജീവനായ മിഴികളെ
മിഴികളിൽ ഒന്ന് തഴുകാൻ
കാറ്റായ് ഞാൻ വരാം...
മിഴിയെ നീ അകലരുതേ...
പറയാതെ നീ പോകരുതേ...
മിഴികൾ എഴുതാൻ മോഹം
മിഴികൾ ....... നിറയരുതേ...



അനന്യ ഷാജി
ക്ലാസ്സ് 9

## ◆ അന്നചൊല്ലുകൾ

- അന്ന വിചാരം മുന്ന വിചാരം.
- അന്ന ബലം പ്രാണ ബലം.
- അന്നം ഔഷധമാണ്.
- ഉരുള എണ്ണി ഉണ്ണരുത്.
- കാല് നനച്ച് ഉണ്ണണം കാല് തുടച്ച് ഉറങ്ങണം.
- നുറുക്കി തിന്നാൽ നൂറു വയസ്സ്.



ആൽബിൻ സിജി.

ക്ലാസ്സ് 9



രേഷ്മ മനോജ്

എഡിറ്റർ

കൂട്ടുകാരേ,

ചുരുങ്ങിയ കാലയളവിൽ

നമ്മൾ ആർജ്ജിച്ച വിവര സാങ്കേതിക

വിദ്യയുടെ നേർകാഴ്ചയാണ് e-ചിപ്പ്.

നിങ്ങൾക്കിത് ഇഷ്ടമായി എന്ന് കരുതുന്നു.

ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും,പ്രോത്സാഹനങ്ങൾ

നൽകിയ അദ്ധ്യാപകർക്കും നന്ദി.